**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2809** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആറളം ആദിവാസി പുനരധിവാസമേഖലയിലുളളവർക്ക് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആറളം അദിവാസി പുനരധിവാസ മേഖലയിലെ താമസക്കാരായ വെള്ളി, ലീല ദമ്പതികൾ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ആറളം പുനരധിവാസ മേഖലയിലെ 13-ാം ബ്ലോക്കിൽ താമസിച്ചിരുന്ന ദമ്പതികളായ ശ്രീ. വെള്ളി (80 വയസ്), ശ്രീമതി. ലീല (75 വയസ്) എന്നിവർ 23.02.2025-ന് പുനരധിവാസ മേഖലയിൽ വച്ച് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടു. മേഖലയിലെ ഭൂമിയിൽ നിന്നും കശുവണ്ടി ശേഖരിച്ച് മടങ്ങുന്നതിനിടെയാണ് ബ്ലോക്ക് 13, 10 അതിർത്തിയിൽ വച്ച് കാട്ടാനയുടെ അപ്രതീക്ഷിത ആക്രമണത്തിൽ കൊല്ലപ്പെട്ടത്. |
| (ബി) | ആദിവാസ പുനരധിവാസമേഖലയിലുള്ളവർക്ക് മതിയായ സംരക്ഷണം ഏർപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; | (ബി) | ഇല്ല. ആറളം പുനരധിവാസ മേഖലയിലുള്ളവർക്ക് സംരക്ഷണം ഉറപ്പ വരുത്തുന്നതിനായി 53.23 കോടി രൂപ വകയിരുത്തി ആന മതിൽ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. NABARD-RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 കി.മീ. നീളത്തിൽ മേഖലയിൽ റെയിൽ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കാട്ടാനകളെ തുരത്തുന്നതിന് വനം വകുപ്പിന് പട്രോളിംഗിനായുള്ള 2 വാഹനങ്ങളുടെ ചെലവുകൾ, മൈക്ക് അനൗൺസ്മെന്റിനുള്ള ചെലവുകൾ എന്നിവ വകുപ്പ് വഹിച്ചിട്ടുണ്ട്. കാട്ടാനകൾ തമ്പടിച്ച് നിൽക്കാൻ സാധ്യതയുള്ളതും വനം വകുപ്പ് ആവശ്യപ്പെട്ടതുമായ മേഖലകളിലെ അടിക്കാടുകൾ വെട്ടിത്തെളിക്കുന്ന പ്രവൃത്തി വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മരിച്ചവരുടെ ബന്ധുക്കൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | **വനം വകുപ്പ് മുഖേന 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വകുപ്പ് മുഖേന മരണാനന്തര ചെലവുകൾക്ക് 10,000/- രൂപ അനുവദിച്ചിട്ടുണ്ട്.** |
| (ഡി) | ആദിവാസി മേഖലകളിൽ താമസിക്കുന്നവർക്ക് സുരക്ഷിതത്വം ഒരുക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | **ആദിവാസി മേഖലകളിൽ വനം വകുപ്പിന്റെ പദ്ധതികൾ കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് സോളാർ ഫെൻസിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നു. ആദിവാസി പുനരധിവാസ മേഖലകളിൽ ടി.ആർ.ഡി.എം. ഫണ്ട് ഉപയോഗിച്ചും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായാണ് ആറളം പുനരധിവാസ മേഖലയിൽ ആന മതിലിന്റെ നിർമ്മാണം ആരംഭിച്ചത്.** |

സെക്ഷൻ ഓഫീസർ